# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ – കുടുംബശ്രീ
# എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

(ഹാജർ: എസ്. ഹരികിഷോർ ഐഎഎസ്)

വിഷയം:- കുടുംബശ്രീ - മാസച്ചന്തകൾ -2018-19 - സംഘടിപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്

**Order No. 6697/J/2017/KSHO dated 21..06..2018**

കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങളുടെ വിപണി വികസനത്തിന്റെ ഭാഗമായി നടത്തുന്ന മാസച്ചന്തകളുടെ സംഘാടനം 2018-19 വർഷത്തിൽ നഗരപ്രദേശങ്ങളിലിയേക്ക് വ്യാപിപ്പിക്കുന്നതിനും കുടുംബശ്രീ സാമൂഹ്യ സംഘടനകളുടെ നേതൃത്വത്തിൽ കൂടുതൽ കാര്യക്ഷമവുമായി സംഘടിപ്പിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങളും മാസച്ചന്തകളുടെ ക്രമമായ നടത്തിപ്പിനാവശ്യമായ ധനസഹായവും ചുവടെ ചേർക്കും പ്രകാരം പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

കുടുംബശ്രീ ഉൽപ്പന്നങ്ങൾക്ക്, പ്രത്യേകിച്ചും പ്രാരംഭദിശയിലുള്ള സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് വിപണി സാധ്യമാക്കുന്നതിനും അതിലൂടെ സംരംഭകർക്ക് സ്ഥിരമായ വരുമാനം ലഭ്യമാക്കുന്നതിനും കുടുംബശ്രീ മിഷൻ ആരംഭിച്ച വിപണന രീതിയാണ് മാസച്ചന്തകൾ. കുടുംബശ്രീ മാസച്ചന്തകൾ സുസ്ഥിരമാക്കുന്നതിനും വ്യവസ്ഥാപിതമാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കുടുംബശ്രീ സാമൂഹ്യ സംവിധാനത്തിന്റേയും പങ്ക് നിർണായകമാണ്. അതിനാൽ കുടുംബശ്രീ മാസച്ചന്തകൾ കൂടുതൽ കാര്യക്ഷമമായി സംഘടിപ്പിക്കുവാനും, മാസച്ചന്തകളുടെ നടത്തിപ്പ് സിഡിഎസ്സുകളുടെ ഒരു പ്രധാന പ്രവർത്തനമാക്കി രൂപാന്തരപ്പെടുത്തുവാനും ചന്തകളുടെ സംഘാടനം ജില്ലാമിഷന്റെ മേൽനോട്ടത്തിൽ സിഡിഎസ്സുകൾ നിർവ്വഹിക്കുന്നതായിരിക്കും. ബ്ലോക്കിലെ എല്ലാ സംരംഭകരെയും മാസച്ചന്തകളിലേയ്ക്ക് എത്തിക്കുക, കൂടുതൽ ഉപഭോക്താക്കളെ മാസച്ചന്തകളിലേയ്ക്ക് ആകർഷിക്കുക, ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുക, ഉപഭോക്താക്കളുടെ ആവശ്യങ്ങളും അഭിപ്രായങ്ങളുമറിഞ്ഞ് ചന്തകളിൽ അനുയോജ്യമായ മാറ്റങ്ങൾ വരുത്തുക തുടങ്ങി മാസച്ചന്തകളുടെ സാമൂഹ്യ

അംഗീകാരം വർദ്ധിപ്പിക്കുന്നതിനുള്ള ചുമതല തിരഞ്ഞെടുക്കപ്പെടുന്ന സിഡിഎസ്സുകൾ നിർവ്വഹിക്കേണ്ടതാണ്.

**1.സംഘാടനത്തിനുള്ള നടപടിക്രമങ്ങൾ**

എ. 2017-18 വർഷത്തിൽ മാസച്ചന്തകൾ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി ജില്ലയിൽ ബ്ലോക്കുകളുടെ എണ്ണത്തിനനുസൃതമായി റൂറൽ സിഡിഎസ്സുകൾക്ക് (ഒരു ബ്ലോക്കിൽ ഒരു സിഡിഎസ് എന്ന കണക്കിൽ) മാസച്ചന്തകൾ സംഘടിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി 75,000/- രൂപ വീതം നൽകിയിരുന്നു. ഈ സാമ്പത്തിക വർഷത്തിൽ മാസച്ചന്തകൾ നഗര പ്രദേശങ്ങളിലേയ്ക്കും വ്യാപിപ്പിക്കാൻ പദ്ധതി വിഭാവനം ചെയ്യുന്നു. ആയതിനാൽ 2017-18 സാമ്പത്തിക വർഷത്തിൽ അടിസ്ഥാന സൗകര്യ വികസന ഫണ്ട് (75000/- രൂപ) ലഭിച്ച 152 സിഡിഎസ്സുകൾ 2018-19 ൽ അതതു സി.ഡി.എസുകളിൽ ബ്ലോക്ക് അടിസ്ഥാനത്തിൽ മാസച്ചന്തകൾ നടത്തുന്നതിനും എല്ലാ മുൻസിപ്പിലിറ്റികളിലും, കോർപ്പേറേഷനുകളിലും അതതു ഭരണ പ്രദേശത്തിലുൾപ്പെടുന്ന ഒരു സിഡിഎസ്സിന്റെ നേതൃത്വത്തിൽ പ്രസ്തുത മുൻസിപ്പാലിറ്റി/കോർപ്പറേഷൻ പരിധിയിൽ ഉൾപ്പെടുന്ന എല്ലാ കുടുംബശ്രീ സംരംഭകർക്കും പ്രയോജനകരമാകുന്ന രീതിയിൽ മുൻസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ മാസച്ചന്തകൾ നടത്തുന്നതിനും അനുമതി നൽകുന്നു.

2017-18 സാമ്പത്തിക വർഷത്തിൽ തെരഞ്ഞെടുക്കപ്പെട്ട 152 റൂറൽ സിഡിഎസ്സുകൾ കൂടാതെ നഗരപ്രദേശങ്ങളിലേയ്ക്ക് മാസച്ചന്തകൾ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി മുൻസിപ്പാലിറ്റി/കോർപ്പറേഷൻ ഭരണ പ്രദേശത്തിൽ നിന്നും ഓരോ സിഡിഎസ്സുകളെ കൂടി നോഡൽ സി.ഡി.എസ്സുകളായി (87 മുൻസിപ്പൽ സിഡിഎസ്സുകളും 6 കോർപ്പറേഷൻ സിഡിഎസ്സുകളും) ജില്ലാമിഷനുകൾ തെരഞ്ഞെടുക്കേണ്ടതാണ്.

ഇതിനായി ഓരോ സിഡിഎസ് ഭരണ പ്രദേശത്തുമുള്ള സംരംഭങ്ങളുടെ എണ്ണം, അവർ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങളുടെ വിവരങ്ങൾ എന്നിവ ശേഖരിക്കണം. ഇതിൽ കുടുംബശ്രീ ആർഎംഇ, യുവശ്രീ, യുഎംഇ പദ്ധതികൾ പ്രകാരമോ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട്, എൻ.ആർ.എൽ.എം., എസ്.ജി.എസ്.ആർ.വൈ., എൻ.യു.എൽ.എം., എസ്ജിഎസ്വൈ പദ്ധതികൾ പ്രകാരം

ആരംഭിച്ചതോ, തനത് വായ്പ, ലിങ്കേജ് വായ്പ എന്നിവ ഉപയോഗിച്ച് ആരംഭിച്ചിട്ടുള്ളതോ ആയ കുടുംബശ്രീ അംഗങ്ങളുടെ എല്ലാ വ്യക്തിഗത, ഗ്രൂപ്പ് സംരംഭങ്ങളേയും (ക്ളക്ടീവ്സ്, പ്രൊഡ്യൂസർ കമ്പനികൾ ഉൾപ്പെടെ) പരിഗണിക്കേണ്ടതാണ്. ആകെയുള്ള സംരംഭങ്ങളിൽ മാസച്ചന്തകളിൽ പങ്കെടുപ്പിക്കാനുദ്ദേശിക്കുന്ന സംരംഭകരുടെ എണ്ണം പ്രത്യേകം കണക്കാക്കണം. പുതുതായി തുടങ്ങിയതും ലാഭത്തിലേക്ക് എത്തുവാൻ ബുദ്ധിമുട്ടുന്നതുമായ സംരംഭകർക്കായിരിക്കും മുൻഗണന. ഇതിനുള്ള ചുമതല ജില്ലാ പ്രോഗ്രാം മാനേജർ (മാർക്കറ്റിംഗ്), ബ്ലോക്ക് കോ-ഓർഡിനേറ്റർ, (എൻ.ആർ.എൽ.എം) എം.ഇ.സി/സി.എം.എഫ്. എന്നിവർക്കാണ്. പ്രസ്തുത വിവരങ്ങളും കണക്കുകളും പരിശോധിച്ച് ബ്ലോക്ക്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ പരമാവധി സംരംഭകരെ ഉൾപ്പെടുത്തി കൂടുതൽ വിൽപ്പന നടക്കുവാൻ സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടുപിടിച്ച് മാസച്ചന്തകൾ നടത്തുവാൻ ജില്ലാ മിഷൻ സി.ഡി.എസ്സുകൾക്ക് നിർദ്ദേശം നൽകേണ്ടതാണ്. ചന്തകൾ നടത്തിയുള്ള പരിചയവും സ്വതന്ത്രമായി ചന്തകൾ നടത്തുവാനുള്ള സിഡിഎസ്സിന്റെ സംഘാടന മികവും പരിഗണിച്ചുവേണം മുനിസിപ്പൽ/കോർപ്പറേഷൻ നോഡൽ സി.ഡി.എസ്സുകളെ തിരഞ്ഞെടുക്കാൻ. ആദ്യ ഘട്ടത്തിൽ ഒരു ജില്ലയിലെ മുൻസിപ്പാലിറ്റി/കോർപ്പറേഷനുകളുടെ എണ്ണത്തിനനുസരിച്ച് ഒരു നഗരഭരണ പ്രദേശത്തിൽ ഒന്ന് എന്ന നിലയിലാണ് സിഡിഎസ്സുകളെ തെരഞ്ഞെടുക്കേണ്ടത്. ക്രമേണ വരും വർഷങ്ങളിൽ ആവശ്യാനുസരണം ഇത് കൂടുതൽ ഗ്രാമീണ നഗര സിഡിഎസ്സുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതാണ്. ഇപ്രകാരം തെരഞ്ഞെടുക്കുന്ന ഗ്രാമീണ നഗര സിഡിഎസ്സുകളുടെ വിവരങ്ങൾ സംസ്ഥാന മിഷനെ അറിയിക്കേണ്ടതാണ്. തെരഞ്ഞെടുക്കപ്പെട്ട സിഡിഎസ്സുകൾക്ക് പരിശീലനം നൽകുന്ന ചുമതല ജില്ലാ മിഷനാണ്.

ബി. മാസച്ചന്തകളിലേയ്ക്ക് എത്തുന്ന ഉത്പന്നങ്ങൾക്ക് മതിയായ പായ്ക്കിംഗ്, ലേബലിംഗ് എന്നിവ ഉണ്ടെന്നും അതിൽ ഉത്പാദന തീയതി, കാലയളവ് (എക്സ്പയറി ഡേറ്റ്), വില, യൂണിറ്റിന്റെ വിലാസം, ആവശ്യമായ ലൈസൻസുകൾ, ഗുണമേന്മ സർട്ടിഫിക്കറ്റുകൾ എന്നിവയും ഉണ്ടെങ്കിൽ അവയും രേഖപ്പെടുത്തിയിട്ടുണ്ടെന്ന് സിഎംഎഫ് ഉറപ്പുവരുത്തണം. ബ്ലോക്ക് കോ-ഓർഡിനേറ്റർമാർ ഓരോ മാസവും മാസച്ചന്തകൾ സന്ദർശിച്ച് ഇത്

പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. മാസച്ചന്തകളിൽ പങ്കെടുക്കാനായി തെരഞ്ഞെടുക്കപ്പെട്ട സംരംഭകരുടെ ഉത്പന്നങ്ങളുടെ പായ്ക്കിംഗ്, ലേബലിംഗ്, പ്രതിമാസ ഉത്പാദനം വിറ്റുവരവ്, മാസചന്തയിലെ വിൽപ്പന എന്നിവ സി.എം.എഫുകൾ പരിശോധിച്ച് റിപ്പോർട്ട് സിഡിഎസ്സുകൾക്കും ബ്ലോക്ക് കോർഡിനേറ്റർ മുഖേന ജില്ലാ മിഷനും നൽകേണ്ടതാണ്. മേൽപ്രതിപാദിച്ച കാര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ഘട്ടം ഘട്ടമായി ജില്ലാ മിഷൻ നിലവിലുള്ള വിവിധ മൈക്രോ എന്റർപ്രൈസസ് സ്കീമുകളിലൂടെ (ടെക്നോളജി ഫണ്ട്, ടെക്നോളജി അപ് ഗ്രഡേഷൻ ഫണ്ട്, രണ്ടാം ഘട്ട ധനസഹായം, കമ്മ്യൂണിറ്റി എൻർപ്രൈസസ് ഫണ്ട് തുടങ്ങിയ) സ്വീകരിക്കേണ്ടതാണ്.

സി. മാസച്ചന്തകൾ സംഘടിപ്പിക്കുന്നതിന് അനുയോജ്യമായ സ്ഥലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സംയോജിച്ച് സി.ഡി.എസ് കണ്ടെത്തേണ്ടതാണ്. സർക്കാർ സ്ഥാപനങ്ങൾ, മറ്റ് ഓഫീസുകൾ തുടങ്ങിയവ ഉള്ളതും ആളുകൾക്ക് എത്തിച്ചേരുവാൻ സാധിക്കുന്നതുമായ സ്ഥലങ്ങളിൽ വേണം ചന്ത സംഘടിപ്പിക്കുവാൻ. ബ്ലോക്ക് തലത്തിൽ എല്ലാമാസവും ഒരേ സ്ഥലത്തും ഒരേ തീയതികളിലുമാണ് ചന്ത സജ്ജീകരിക്കേണ്ടത്. ബ്ലോക്കിലെ എല്ലാ സി.ഡി.എസുകളിലും ചന്തകൾ ഇല്ലാത്തതിനാൽ എല്ലാ സംരംഭകർക്കും അവസരം ലഭിക്കുവാൻ ചന്തകൾ ഇല്ലാത്ത സമീപ സി.ഡി.എസുകളിൽ നിന്നുള്ള മുഴുവൻ സംരംഭകരേയും ചന്തകളിൽ ഉൾപ്പെടുത്തുവാൻ ബ്ലോക്ക് കോ-ഓർഡിനേറ്റർ/സിഎംഎഫ് ശ്രദ്ധിക്കേണ്ടതാണ്. സി.ഡി.എസുകളിലെ 50% മുതൽ 75% വരെയുള്ള സംരംഭകരെ ചന്തകളിലേയ്ക്ക് കൊണ്ടുവരുവാൻ ബ്ലോക്ക് കോ-ഓർഡിനേറ്റർ ശ്രദ്ധിക്കേണ്ടതാണ്. ഓരോ ചന്തയിലും കുറഞ്ഞത് 50,000/- രൂപയുടെ വിറ്റുവരവ് നടക്കുന്നുണ്ടെന്ന് ബ്ലോക്ക് കോ-ഓർഡിനേറ്റർ സിഎംഎഫ് ഉറപ്പ് വരുത്തേണ്ടതാണ്. ഒരു ചന്ത മൂന്ന് ദിവസം മുതൽ അഞ്ച് ദിവസം വരെയാണ്. എല്ലാ മാസവും ഒരേ തീയതികളിൽ മാസച്ചന്തകൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്. ഓണം പോലെയുള്ള പ്രത്യേക അവസരങ്ങളിൽ പ്രത്യേക ചന്തകൾ നടത്തുമ്പോൾ ആ മാസങ്ങളിൽ മാസച്ചന്ത നടത്തേണ്ടതില്ല. മുൻസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ ആവശ്യമെങ്കിൽ ഓരോ മാസവും ഓരോ കേന്ദ്രങ്ങളിൽ ചന്തകൾ നടത്തുന്നത് ജില്ലാമിഷൻ പരിഗണിക്കാവുന്നതാണ്.

ഡി. മാസച്ചന്തകൾക്ക് ആവശ്യമായ പ്രചരണം സംഘടിപ്പിക്കുവാൻ സി.ഡി.എസുകളും ജില്ലാമിഷനുകളും ശ്രദ്ധിക്കണം. ചന്തകളിൽ സംരംഭകർ നേരിട്ട് വിപണനം നടത്തുന്ന രീതിയാണ് അവലംബിക്കേണ്ടത്. മാസച്ചന്തകളിൽ കുടുംബശ്രീ ജെ.എൽ.ജി യൂണിറ്റുകളുടെ പച്ചക്കറികൾ ഉൾപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കണം. ചന്തകളിൽ നിർബന്ധമായും ബില്ലിംഗ് സംവിധാനം ഏർപ്പെടുത്തണം.

ഇ. ചന്തകൾ നടത്താനുള്ള പ്രധാന ഉത്തരവാദിത്വം സാമൂഹിക സംവിധാനത്തിൽ സിഡിഎസ് ചെയർപേഴ്സണും, എം.ഇ. ഉപസമിതി കൺവീനർക്കും, സിഎം എഫ് നും ആയിരിക്കും. ചന്തകൾ സുഗമമായി നടത്തുന്നതിനുള്ള ചുമതല ചെയർപേഴ്സന്റെ നേതൃത്വത്തിൽ സിഎംഎഫ്ന്റെ ചുമതലയാണ്. സംരംഭകരെ ചന്തയിൽ പങ്കെടുപ്പിക്കുന്നതിനും ക്രമമായി വിറ്റുവരവ് രേഖപ്പെടുത്തുന്നതിനും മാസച്ചന്തകളുടെ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനും സിഎംഎഫ് മുൻകൈയ്യെടുക്കേണ്ടതും പരാതികൾക്കിടയില്ലാത്തവണ്ണം ചന്തകൾ നടത്തേണ്ടതുമാണ്.

ചന്തകൾ സുഗമമായി നടത്തുന്നതിനുള്ള ഫീൽഡ് തല ചുമതല ബ്ലോക്ക് കോ-ഓർഡിനേറ്റർക്കായിരിക്കും (എം.ഇ./മാർക്കറ്റിംഗ് ചുമതലയുള്ള). മാസച്ചന്തകളിൽ സംരംഭകരുടെ പങ്കാളിത്തം ഉറപ്പുവരുത്തൽ, പായ്ക്കിംഗ്/ലേബലിംഗ് എന്നിവ ഉറപ്പുവരുത്തൽ, ഉപഭോക്തൃ വിശകലന ഫോറം ഉപഭോക്താക്കളിൽ നിന്നും പൂരിപ്പിച്ച് അവയുടെ വിശകലനം, ബില്ലിംഗ്, കണക്കുകളുടെ ക്രമീകരണം, വിറ്റുവരവിന്റെ റെക്കോർഡ്സ് സൂക്ഷിക്കൽ, വിറ്റുവരവിന്റെ വിവരങ്ങൾ ബ്ലോക്ക് കോ-ഓർഡിനേറ്റർക്ക് നൽകുക എന്നിവ സി.എം.എഫിന്റെ ഉത്തരവാദിത്വമാണ്.

എഫ്. ചന്തകളിൽ പങ്കെടുക്കുന്ന യൂണിറ്റുകളുടെ വിവരങ്ങൾ, വിൽപ്പന തുടങ്ങിയവ ബ്ലോക്ക്-കോ-ഓർഡിനേറ്റർ യഥാസമയം ജില്ലാമിഷന് റിപ്പോർട്ട് നൽകേണ്ടതാണ്. സംസ്ഥാന മിഷനിൽ നിന്നും ലഭ്യമാകുന്ന എം.ഐ.എസിലും വെബ്സൈറ്റിലും വിവരങ്ങൾ രേഖപ്പെടുത്തേണ്ട ചുമതല മാർക്കറ്റിംഗിന്റെ ജില്ലാ പ്രോഗ്രാം മാനേജർക്കായിരിക്കും. ജില്ലയിലെ ചന്തകളുടെ നടത്തിപ്പിന്റെ

പൊതു ചുമതലയും മാർക്കറ്റിംഗ് ജില്ലാ പ്രോഗ്രാം മാനേജർക്കാണ് എല്ലാ മാസവും തെരഞ്ഞെടുത്ത എല്ലാ സിഡിഎസ്സുകളിലും സുഗമമായി ചന്തകൾ നടക്കുന്നുണ്ട് മാർക്കറ്റിംഗ് ജില്ലാ പ്രോഗ്രാം മാനേജർ ഉറപ്പുവരുത്തണം. എല്ലാ ജില്ലാ പിആർഎം-കളിലും ചന്തകളുടെ നടത്തിപ്പ് സംബന്ധിച്ച അവലോകനം **ഡിപിഎം** അവതരിപ്പിച്ച് വേണ്ട നടപടികൾ സ്വീകരിക്കുകയും വേണം. ഒരോ ചന്തകളിലും കുറഞ്ഞത് 50,000/- രൂപയുടെ വിറ്റു വരവ് ഉറപ്പാക്കുവാൻ ജില്ലാ മിഷനുകളും സിഡിഎസ്സുകളും ശ്രദ്ധിക്കണം.

ജി. വിപണി പൂർത്തീകരിച്ച് 5 ദിവസത്തിനുള്ളിൽ വരവ് - ചെലവുകൾ കണക്കുകൾ സിഡിഎസ് അക്കൗണ്ടന്റ് കണക്കാക്കി രജിസ്റ്ററുകൾ നാളതീകരിക്കേണ്ടതാണ്. ഇത് ഉറപ്പുവരുത്തേണ്ട ചുമതല സിഡിഎസ് എം.ഇ. കൺവീനർക്കും, ചെയർപേഴ്സണും ബ്ലോക്ക് കോ-ഓർഡിനേറ്റർക്കും ആയിരിക്കും. വരവ്-ചെലവ് കണക്കുകൾ, വിൽപ്പന, മേളയിൽ പങ്കെടുത്തവരുടെ വിവരങ്ങൾ, ഉപഭോക്തൃ വിശകലനം എന്നിവ ബ്ലോക്ക് കോ-ഓർഡിനേറ്ററിൽ നിന്നും വാങ്ങി അതാത് മാസം 15-ാം തീയതിക്കുള്ളിൽ മാർക്കറ്റിംഗ് ഡിപിഎം സംസ്ഥാന മിഷനിലെ വെബ് സൈറ്റിൽ ലഭ്യമാക്കണം. വെബ്സൈറ്റ് മോണിറ്ററിംഗ് ടേബിൾ മാതൃക അനുബന്ധമായി ചേർത്തിരിക്കുന്നു. അനുബന്ധം 2ൽ കൊടുത്തിരിക്കുന്ന മന്ത്ലി റിപ്പോർട്ട് ഫോർമാറ്റിൽ മാസംതോറും ഡി.പി.എം സംസ്ഥാന മിഷന് ഓരോ മാസവും 15ന് മുൻപായി റിപ്പോർട്ട് നൽകേണ്ടതാണ്.

## 2. അടിസ്ഥാന ധനസഹായം /ധനവിനിയോഗം

എ. 'സുസ്ഥിരമായ കുടുംബശ്രീ സാമൂഹ്യ സംഘടനാ സംവിധാനം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്ന ഉത്തരവാദിത്വം ഘട്ടം ഘട്ടമായി സിഡിഎസ്സുകളെ ഏൽപ്പിക്കേണ്ടതായിട്ടുണ്ട്. പദ്ധതി നടത്തിപ്പിന് ആവശ്യമായ സാമ്പത്തിക സഹായവും ഉദ്യോഗസ്ഥ/കുടുംബശ്രീ പിന്തുണാ സംവിധാനവും ഇതിനായി സിഡിഎസ്സുകൾക്ക് നൽകുന്നതാണ്'. പ്രസ്തുത ലക്ഷ്യം മുൻ നിർത്തി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നൽകിയ സാമ്പത്തിക സഹായമുപയോഗിച്ചു വാങ്ങിയ അടിസ്ഥാന സൗകര്യമുപയോഗിച്ചു. മാസച്ചന്തകൾ സുസ്ഥിരമായി സംഘടിപ്പിക്കുന്നതിന് 152 ഗ്രാമീണ സിഡിഎസ്സു

കളെ മാസച്ചന്തകളുടെ സംഘാടനം ഏൽപ്പിക്കേണ്ടതാണ്. ഇപ്രകാരം ആരംഭിച്ചു നടത്തി പോരുന്ന 152 മാസച്ചന്തകൾ തുടർന്നുകൊണ്ടുപോകുന്നതിനു പുറമേ മാസച്ചന്തകൾ നഗരസഭാ പ്രദേശങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 2018-19 സാമ്പത്തിക വർഷത്തിൽ 87 മുൻസിപ്പിൽ സിഡിഎസ്സുകളിലും, 6 കോർപ്പറേഷൻ സിഡിഎസ്സുകളിലും മാസച്ചന്തകൾ നടത്താൻ ഇതിനാൽ ഉത്തരവാകുന്നു.

2017-18 സാമ്പത്തിക വർഷത്തിൽ മാസച്ചന്തകൾ കുടുംബശ്രീ സാമൂഹിക സംഘടനാ സംവിധാനത്തിലൂടെ നടത്തുന്നതിന് വിഭാവനം ചെയ്തു തയ്യാറാക്കിയ പദ്ധതിയിൽ നിന്നും പാഠങ്ങൾ ഉൾക്കൊണ്ടാണ് 2018-19 ൽ പുതുക്കിയ മാർഗ്ഗനിർദ്ദേശം പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

സിഡിഎസ്സുകൾക്ക് മാസച്ചന്തകൾക്കുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി 2017-18 ൽ ഒറ്റത്തവണ സാമ്പത്തിക സഹായം നൽകിയെങ്കിലും മാസച്ചന്തകൾ തുടർന്നു നടത്തിക്കൊണ്ടു പോകുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ സജ്ജീകരണങ്ങൾക്കും, സംഘാടനത്തിനുള്ള അനുബന്ധ ചെലവുകൾക്കും എം.ഇ.സി ഹോണറേറിയം മുതലായ ചെലവുകൾക്കും ഉണ്ടാകുന്ന ആവർത്തന ചിലവിന്റെ അധിക സാമ്പത്തിക ബാദ്ധ്യത സി.ഡി.എസുകൾക്ക് വഹിക്കാൻ കഴിഞ്ഞിരുന്നില്ല. ഇത് മാസചന്തകളുടെ സംഘാടനത്തെ ബാധിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ മാസച്ചന്തകൾ സംഘടിപ്പിക്കുന്നതിനായി സാമൂഹിക സംഘടനകൾക്ക് (സി.ഡി.എസുകൾക്ക്) ആവർത്തന ചിലവുകളും, സാമൂഹിക സഹായ സംവിധാന പ്രവർത്തകർക്ക് അവരുടെ പ്രവർത്തനങ്ങൾക്ക് അനുസൃതമായി ഹോണറേറിയവും നൽകുവാനും, മാസച്ചന്തകളുടെ നടത്തിപ്പ് സംരംഭകർക്ക് കൂടുതൽ അനുകൂലമാക്കി മാറ്റുവാനും 2018-19 ൽ പദ്ധതി വിഭാവനം ചെയ്യുന്നു.

മാസച്ചന്തകൾ തെരഞ്ഞെടുക്കപ്പെട്ട സിഡിഎസ്സുകളിൽ അവ പ്രതിനിധാനം ചെയ്യുന്ന തദ്ദേശസ്ഥാപനത്തിന്റെ (ബ്ലോക്ക്/മുൻസിപ്പിലാറ്റി/കോർപ്പറേഷൻ) തലത്തിൽ സംഘടിപ്പിക്കേണ്ടതാണ്. മാസച്ചന്തകൾ ബ്ലോക്ക്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ ഓരോ മാസവും മുൻകൂട്ടി നിശ്ചയിക്കപ്പെട്ട തീയതികളിൽ (മാസത്തിലെ ആദ്യത്തെ ആഴ്ചയ്ക്കുള്ളിൽ) ജില്ലാമിഷൻ

നിർദ്ദേശിക്കുന്ന ഇടത്തിൽ തദ്ദേശസ്ഥാപനത്തിന്റെ ഭരണപരിധിയ്ക്കുള്ളിൽ തുടർച്ചയായി മൂന്നു മുതൽ അഞ്ച് ദിവസം വരെ നീണ്ടു നിൽക്കുന്ന വിധ ത്തിൽ സംഘടിപ്പിക്കേണ്ടതാണ്. ഇപ്രകാരം, മാസച്ചന്തകൾ ക്രമമായി നട ത്തുന്നതിലേയ്ക്ക് ഈ സാമ്പത്തിക വർഷം സാമ്പത്തിക സഹായം നൽകുന്ന താണ്.

സി. ബ്ലോക്ക് തല മാസച്ചന്ത നടത്തുന്നതിന് (നേരത്തെ ഒറ്റത്തവണ സാമ്പത്തിക സഹായം ലഭിച്ചതിലൂടെ വാങ്ങിയ മൂലധന സാമഗ്രികൾ ഉപയോഗിച്ച് നടത്തു ന്നതിന്) 4000/- രൂപയും മുൻസിപ്പാലിറ്റി തല ചന്ത നടത്തുന്നതിന് 10,000/- രൂപയും കോർപ്പറേഷൻ തല മാസച്ചന്ത നടത്തുന്നതിന് 15,000/- രൂപയും നൽകാവുന്നതാണ്. ആകെ 2018-19 വർഷത്തിൽ 10 മാസചന്തകൾ 152 പഞ്ചായ ത്തുകളിലും 87 മുൻസിപ്പാലിറ്റികളിലും 6 കോർപ്പറേഷനുകളിലും നടത്തേണ്ട താണ്.(ഏപ്രിൽ, ഓഗസ്റ്റ് മാസങ്ങൾ ഒഴിവാക്കി) ഇപ്രകാരം മാസച്ചന്തകൾ നട ത്തുന്നതിനുള്ള ചിലവ് നാല് തവണകളായി ഓരോ ത്രൈമാസവും സിഡിഎ സ്സിന് മുൻകൂറായി ജില്ലാമിഷൻ അനുവദിച്ച് നൽകേണ്ടതാണ്. ഓരോ മാസ ത്തിലും മാസച്ചന്തകൾ അതതു സിഡിഎസ്സുകൾ നടത്തി വരവ് ചെലവ് കണ ക്കുകൾ നാളതീകരിച്ച്, വിറ്റുവരവ് രേഖപ്പെടുത്തി ബ്ലോക്ക് കോ-ഓർഡിനേറ്റർ മുഖാന്തിരം ജില്ലാമിഷന് റിപ്പോർട്ട് നൽകേണ്ടതാണ്. ജില്ലാമിഷൻ റിപ്പോർട്ട് പരിശോധിച്ച് ഒരു ക്വാർട്ടറിൽ രണ്ട് മാസത്തെ റിപ്പോർട്ട് തൃപ്തികരമായിരുന്ന തിനാൽ അടുത്ത ക്വാർട്ടറിലെ സാമ്പത്തിക സഹായം സിഡിഎസ്സുകൾക്ക് മുൻകൂറായി നൽകേണ്ടതാണ്.

ഡി. ഇപ്രകാരം ലഭ്യമാകുന്ന സാമ്പത്തിക സഹായം കമ്മ്യൂണിറ്റി മാർക്കറ്റിംഗ് ഫെസിലിറ്റേറ്റർമാരുടെ ഹോണറേറിയം, മാസച്ചന്തകളുടെ നടത്തിപ്പ് ചെലവു കൾ, ഫർണിച്ചർ/ സൗണ്ട് സിസ്റ്റം/ മറ്റു ഉപകരണങ്ങളുടെ വാടകയിനത്തി ലുള്ള ചെലവുകൾ, എം.ഇ. കൺവീനറുടെ ഹോണറേറിയം, മാസച്ചന്തകളുടെ സംഘാടന ഇനത്തിൽ ചെലവാകുന്ന മറ്റ് ചിലവുകൾ എന്നീ ചിലവിന ങ്ങൾക്കായി വിനിയോഗിക്കാവുന്നതാണ്. തെരഞ്ഞെടുക്കപ്പെട്ട സിഡിഎസ്സുക ളിൽ സ്ഥിര വിപണന കേന്ദ്രം (കുറഞ്ഞത് 10 സംരംഭങ്ങൾക്ക് വിൽപ്പന നട ത്താനുള്ള കേന്ദ്രം) ആരംഭിക്കാൻ തദ്ദേശസ്ഥാപനം സ്ഥലവും കെട്ടിടവും നൽകുവാൻ സന്നദ്ധമാണെങ്കിൽ ഹോണറേറിയം ഒഴികെയുള്ള തുക

പ്രസ്തുത കെട്ടിടത്തിന്റെ വാടകയിനത്തിലും ചെലവഴിക്കാവുന്നതാണ്. ഓരോ ജില്ലയ്ക്കും അനുവദിച്ചിരിക്കുന്ന തുകയുടെ വിശദാംശങ്ങൾ അനുബന്ധം-1 ൽ ചേർത്തിരിക്കുന്നു.

- ഓരോ ക്വാർട്ടറിലും തെരഞ്ഞെടുക്കപ്പെട്ട സിഡിഎസ്സിന് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന തുക മുൻകൂറായി നൽകാവുന്നതാണ്.

- നഗരപ്രദേശത്തുള്ള സിഡിഎസ്സുകളെ തിരഞ്ഞെടുക്കുവാൻ പദ്ധതി മാർഗ്ഗരേഖ പ്രതിപാദിക്കുന്ന രീതിയിലുള്ള മാനദണ്ഡം പാലിക്കേണ്ടതാണ്. ആവശ്യമെങ്കിൽ ജില്ലാമിഷൻ റൊട്ടേഷൻ വ്യവസ്ഥയിൽ സിഡിഎസ്സുകളുടെ താല്പര്യ പ്രകാരം ഓരോ മാസവും ഓരോ സി. ഡി.എസ്സിൽ എന്ന രീതിയിൽ നഗരഭരണ പ്രദേശത്തുള്ള വിവിധ ടി.ഡി. ഡി.എസ്സിൽ നിന്നും തുക തിരികെ വാങ്ങി താൽപര്യമുള്ള അതേ ബ്ലോക്കിലെ മറ്റൊരു സി.ഡി.എസ്സിന് നൽകി 2018-19 ലെ ചന്തകൾ പുതിയ സി.ഡി.എസിൽ നടത്തേണ്ടതാണ്. ഏതെങ്കിലും സി.ഡി.എസ് 2017-18 ൽ നൽകിയ 75,000/-രൂപ ചിലവഴിക്കാതിരിക്കുന്നുവെങ്കിൽ സിഡിഎസ്സുകൾക്ക് സഹായം നൽകി മാസച്ചന്ത നടത്താൻ നിർദ്ദേശം നൽകാവുന്നതാണ്.

- ഗ്രാമ സിഡിഎസ്സുകളിൽ തെരഞ്ഞെടുക്കപ്പെട്ടവയ്ക്ക് (152 എണ്ണം) മാത്രമേ തുക അനുവദിക്കാൻ പാടുള്ളു.

- മുൻകൂർ സഹായം കൈപ്പറ്റിയ സിഡിഎസ്സുകൾ മാസച്ചന്തകൾ നിർബന്ധമായും നടത്തേണ്ടതാണ്. മാസച്ചന്തകൾ നടത്തി വരവ് ചെലവ് കണക്കുകൾ നാളിതീകരിച്ച് വിശദമായ ഭൗതിക സാമ്പത്തിക റിപ്പോർട്ട് ബ്ലോക്ക് കോ-ഓർഡിനേറ്ററുടെ അംഗീകാരത്തോടെ ജില്ലാമിഷനിൽ സമർപ്പിക്കേണ്ടതും ഡിപിഎം മാർക്കറ്റിംഗ് & അക്കൗണ്ടന്റ് വെരിഫൈ ചെയ്യേണ്ടതുമാണ്. ഓരോ ജില്ലാ പി.ആർ.എം ലും മാസചന്തകളുടെ വിശകലനം നടത്തേണ്ടതാണ്.

- സമർപ്പിച്ച ചെലവു തുക ക്രമീകരിച്ചായിരിക്കണം അടുത്ത ക്വാർട്ടറിലേയ്ക്കുള്ള മുൻകൂർ തുക സിഡിഎസ്സിന് നൽകേണ്ടത്.

- പദ്ധതി വിഭാവനം ചെയ്തിരിക്കുന്ന സഹായ ധനം ഓരോ മാസത്തിലും അതതു സിഡിഎസ്സിന് നൽകാവുന്ന/ചിലവാക്കാവുന്ന പരമാവധി തുക ആണ്.

- ഗ്രാമീണ സിഡിഎസ്സുകൾക്ക് അനുവദിക്കുന്ന തുക എൻ.ആർ.എൽ. എം. പദ്ധതി വിഹിതത്തിലെ മാർക്കറ്റിംഗ് ശീർഷകത്തിലെ ബി.ഡി. 01 എന്ന ഉപശീർഷകത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്. നഗര പ്രദേശ സിഡിഎസ്സുകൾക്ക് നൽകുന്ന തുക സംസ്ഥാന പ്ലാൻ ഫണ്ടിലെ മാർക്കറ്റിംഗ് ശീർഷകത്തിലെ ബിഡി 01 എന്ന ഉപശീർഷകത്തിൽ വക യിരുത്തേണ്ടതാണ്.

- എം.ഇ. ഉപസമിതി കൺവീനർക്കുള്ള ഹോണറേറിയം ആയി 500/- രൂപയും സി.എം.എഫ് ന്റെ ഹോണറേറിയം ആയി 1000/- രൂപയും സിഡിഎസ്സ് ഓരോ മാസവും (മാസചന്ത നടക്കുന്ന മാസങ്ങളിൽ മാത്രം) പ്രസ്തുത ഗ്രാന്റിൽ നിന്നും നൽകേണ്ടതാണ്. പ്രസ്തുത ഹോണറേറിയം കൈപ്പറ്റുന്നതിന് കുറഞ്ഞത് 20 സംരംഭങ്ങൾ എങ്കിലും മാസചന്തയിൽ പങ്കെടുക്കേണ്ടതാണ്.

- ജില്ലാമിഷന്റെ അനുമതി പ്രകാരം സിഡിഎസ്സിന്റെ വിവേചനാധികാര പ്രകാരം വിറ്റുവരവിന്റെ 5% തുക ചന്തയുടെ ചിലവുകൾക്കായി ഈടാ ക്കാവുന്നതാണ്. ഇത് പിരിച്ചെടുത്ത് കണക്കിൽപ്പെടുത്തേണ്ട ചുമതല സിഡിഎസ് അക്കൗണ്ടിന്റേതാണ്. (2018 മേയ്, ജൂൺ മാസങ്ങളിൽ നട ക്കുന്ന ജില്ലാ പി.ആർ.എമ്മിൽ ജില്ലാമിഷൻ ഇത് സംബന്ധിച്ച തീരുമാനം എടുക്കേണ്ടതാണ്)

- നഗരപ്രദേശത്തുള്ള സിഡിഎസ്സുകളെ തവണ വ്യവസ്ഥയിൽ തിരഞ്ഞെ ടുക്കുകയാണെങ്കിൽ പരമാവധി ഒരേ സ്ഥലത്ത് തന്നെ ചന്തകൾ നട ത്താൻ ജില്ലാമിഷൻ ശ്രദ്ധിക്കേണ്ടതാണ്. വിവിധ സ്ഥലങ്ങളിൽ മാറി മാറി ചന്തകൾ നടത്തുന്നപക്ഷം ആവശ്യമായ പബ്ലിസിറ്റി ഉറപ്പ് വരുത്തേ ണ്ടതാണ്.

- നഗരപ്രദേശങ്ങളിലെ മാസച്ചന്തകൾക്ക് അധികം വകയിരുത്തിയിരിക്കുന്നതിനാൽ അവ കൂടുതൽ സ്വീകാര്യത ലഭിക്കുന്ന രീതിയിൽ വിപുലമായി നടത്തുന്നതിനു വേണ്ട നടപടികൾ സിഡിഎസ്സ് സ്വീകരിക്കുന്നുണ്ടെന്ന് ജില്ലാമിഷൻ ഉറപ്പുവരുത്തേണ്ടതാണ്.

മാസചന്തകളുടെ ആറു മാസത്തെ പ്രവർത്തനങ്ങൾക്കു ശേഷം വിലയിരുത്തൽ നടത്തി ധനസഹായം/ധനവിനിയോഗം സംബന്ധിച്ച നിർദ്ദേശങ്ങൾ സിഡിഎസ്സുകൾ ജില്ലാ മിഷന് നൽകേണ്ടതും ജില്ലാ മിഷൻ സംസ്ഥാന മിഷന് നൽകേണ്ടതുമാണ്. ചന്തകൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ പരിഷ്കരിച്ച ഉത്തരവുകൾ സംസ്ഥാന മിഷൻ നൽകുന്നതായിരിക്കും. (2017-18 ലെ ചന്തകളുടെ നടത്തിപ്പിനായി പുറത്തിറക്കിയ മാർഗ്ഗനിർദ്ദേശം 2018-19 വർഷത്തിൽ അസാധുവായിരിക്കും)

### 3. നിരീക്ഷണം/മേൽനോട്ടം/മൂല്യനിർണ്ണയം/അവലോകനം

ഓരോ മാസവും ചന്തകളുടെ നടത്തിപ്പ് സംബന്ധിച്ച് ജില്ലാ പിആർഎം-ൽ വിശകലനം നടത്തി അനുയോജ്യമായ തീരുമാനങ്ങൾ ജില്ലാ മിഷന്റെ അംഗീകാരത്തോടെ കൈകൊള്ളേണ്ട ചുമതല ജില്ലയിലെ എം.ഇ/മാർക്കറ്റിംഗ് ചുമതലയുള്ള അസി. ജില്ലാമിഷൻ കോ-ഓർഡിനേറ്റർക്കായിരിക്കും. മാസച്ചന്തകളുടെ നടത്തിപ്പിന് ജില്ലയിലെ സാഹചര്യങ്ങളുടെ അനുസൃതമായി വേണ്ട നിർദ്ദേശങ്ങൾ നൽകി, ബ്ലോക്ക് കോ-ഓർഡിനേറ്റർ, സി.എം.എഫ്, സിഡിഎസ് ചെയർപേഴ്സൺ, സിഡിഎസ് എം ഇ ഉപസമിതി കൺവീനർ, സിഡിഎസ് അക്കൗണ്ടന്റ്, സംരംഭകർ എന്നിവരെ ഒരു ടീമാക്കി കോർത്തിണക്കി ഈ ഉദ്യമത്തിന് നേതൃത്വം നൽകേണ്ട ചുമതല അസിസ്റ്റന്റ് ജില്ലാമിഷൻ കോ-ഓർഡിനേറ്ററുടെ മേൽനോട്ടത്തിൽ ഡി.പി.എം മാർക്കറ്റിംഗിന് ആയിരിക്കും.

മാർക്കറ്റിംഗ് ചുമതലയുള്ള ഡിപിഎം ഓരോ മാസവും ചന്ത നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും മാറി മാറി ചന്തകൾ സന്ദർശിച്ച് എ.ഡി.എം.സിക്ക് റിപ്പോർട്ട് നൽകേണ്ടതും കുടുംബശ്രീ വെബ്സൈറ്റിൽ ഡേറ്റ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്. മാർക്കറ്റിംഗ് ചുമതലയുള്ള ബ്ലോക്ക് കോർഡിനേറ്റർമാർ അവരുടെ കീഴിലുള്ള

സിഡിഎസ്സുകളിൽ ചന്ത ക്രമമമായി നടത്തുന്നതിനാവശ്യമായ എല്ലാ നടപടികളും ഫീൽഡ് തലത്തിൽ ചെയ്യേണ്ടതാണ്.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

1. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
2. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
3. എല്ലാ സിഡിഎസ്സുകൾക്കും (ജില്ലാ മിഷൻ മുഖേന)

**പകർപ്പ്**

1. അക്കൗണ്ട്സ് സെക്ഷൻ
2. കരുതൽ/അധികം

**അനുബന്ധം**

1. ജില്ലാതല ഭൗതിക/സാമ്പത്തിക ലക്ഷ്യങ്ങൾ
2. വെബ്സൈറ്റ് മോണിറ്ററിംഗ് ടേബിൾ/അഡീഷണൽ മന്ത്ലി റിപ്പോർട്ടിംഗ് ഫോർമാറ്റ്

അംഗീകാരത്തോടെ,

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

**BD01/MONTHLY MARKETS/2450/157 Lakhs**

**a) Aim/Overall Objective :-**

To conduct 2450 monthly markets in 2018-19 at Block/Municipality/Corporation levels across Kerala and generate a profit of Rs. 15 crores benefiting 5000 Micro Enterprises in the inception and survival stages.

**b) Programme Description :-**

Kudumbashree initiated Monthly Markets in the initial years of 2010s in every Panchayath, Block and at District levels. But the number of Monthly Markets have steadily came down in the last 4-5 years from more than 700 to less than 50, and from 14 Districts to 2 or 3 Districts. Hence, an attempt to revive these Monthly Markets have been made in year 2017-18 by delegating the responsibility of conducting the Monthly Markets to the Community network (CDS) and provided the CDSs with necessary infrastructure cost. 152 Monthly Markets, i.e. one in each Block have been reinstated in the month of August/September, 2017. An amount of Rs. 1.5 Lakhs have been provided to each CDS for procuring basic infrastructure facilities. Even though the outcome of these efforts is yet to be realized, the primary responses from various quarters are pointing towards a promising endeavor. Hence it is proposed to uphold the existing Monthly Markets in 152 Panchayaths and to expand the reach of Monthly Markets to urban areas in 2018-19. It is proposed to conduct Monthly Markets in every Municipality and Municipal Corporation in 2018-19, in addition to the existing Monthly Markets at Block level. Since it is found that the major handicap in the sustainable conduct of Monthly Markets in 2017-18 was the lack of assistance towards running cost of the Markets, it is concluded that meeting such expenses from the fees or commission deducted from the participating entrepreneurs is not practical.

In the year 2018-19, Monthly Markets will be conducted in 152 CDS (representing 152 Blocks), 87 Municipalities and 6 Municipal Corporations. The District Missions shall ensure pooling of all entrepreneurs at inception and survival stages within a Block to the Monthly Market to be held in one of the CDSs within that Block. Monthly markets need to be conducted at Block, Municipality, Corporation levels on fixed dates of each month preferably in the first week in the premises of the respective Block/Municipality/Corporation for a duration of not less than three

consecutive days or at any location identified by the District Mission. To ensure the conduct of monthly markets, Kudumbashree mission would support the CDSs taking lead roles with a monthly assistance to meet the expenditure of conduct of these markets in this financial year. This assistance shall be utilized to meet the Honorarium of Community Marketing Facilitators, Setup Cost of Market, rentals if any and any other cost that would compute to the total running cost of the market. Rs.4000/- will be granted to a monthly market at Block level, Rs. 10,000 at Municipality level and Rs. 15,000/- at Corporation level, limited to 10 Monthly Markets in an year. The CDS in consultation with the District Mission may on their discretion could charge commission from the entrepreneurs of the total sales turnover and utilize it for the running cost of the fairs.

**c) Implementation Timeline and Responsibility :**

| Monthly Markets 2018-19 | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| **No** | **Activity/Tasks** | **Apr** | **May** | **Jun** | **Jul** | **Aug** | **Sep** | **Oct** | **Nov** | **Dec** | **Jan** | **Feb** | **Mar** | **Responsibility** |
| 1 | Revised Guidelines | | | | | | | | | | | | | State Mission |
| 2 | Identification of locations | | | | | | | | | | | | | District/ Block Mission |
| 3 | Mobilisation of entrepreneurs / special awareness meetings of entrepreneurs at Block, Municipality, corporation level | | | | | | | | | | | | | BCs/ CMFs/ CDSs |
| 4 | Conduct of monthly markets / Monitoring | | | | | | | | | | | | | District Mission/ CDSs |

d) **Roll Out Details :**

| Sl No | District/State | Physical Target | Financial allotment |
|---|---|---|---|
| 1 | Thiruvananthapuram | 160 | 990000 |
| 2 | Kollam | 160 | 990000 |
| 3 | Pathanamthitta | 130 | 760000 |
| 4 | Alappuzha | 180 | 1080000 |
| 5 | Kottayam | 170 | 1040000 |
| 6 | Idukki | 100 | 520000 |
| 7 | Ernakulam | 280 | 2010000 |
| 8 | Thrissur | 240 | 1490000 |
| 9 | Palakkad | 200 | 1220000 |
| 10 | Malappuram | 270 | 1800000 |
| 11 | Wayanad | 60 | 420000 |
| 12 | Kozhikode | 200 | 1330000 |
| 13 | Kannur | 210 | 1490000 |
| 14 | Kasargod | 90 | 540000 |
| 15 | State | | 20000 |
| | **Total** | **2450** | **157,00,000** |

e) **Policy Decisions :**

| Sl. No. | Policy Decisions | Target date for issuing orders | Target date for roll out |
|---|---|---|---|
| 1 | Revised Guideline on conduct of Monthly Markets | 20th April, 2018 | 25th April, 2018 |

f) **Web Monitoring Table :**

| District | No of Blocks/CDS selected for Markets | No of Markets Conducted (cumulative) | Cumulative Sales | No of Markets in current month | Current month Sales | No of MEs participated (cumulative) | No of MEs participated in current month |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |

**g) Additional Monthly Reporting Format by DPM/BC/CMF :**

| Name of GP / Location : | | | | | Month/Year : | |
|---|---|---|---|---|---|---|
| No of MEs participated in current month* | No of MEs – Food Products / Sales | No of MEs – Handicrafts / Sales | No of MEs – Kitchen Utensils / Sales | No of MEs – Personal Care / Sales | No of MEs – Apparels / Sales | Expenditure |
| | | | | | | |

* Names of units/Sector to be enclosed